"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 16 ഇനം കാർഷിക വിളകൾക്ക് **"കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്"** എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചു കൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻസിഎ) വകുപ്പ്**

G.O.(Ms)No.80/2020/AGRI തീയതി,തിരുവനന്തപുരം, 26/10/2020

പരാമർശം:- 1 കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 01/10/2020 ലെ TM (2) 13471/20 നം. കത്ത്

2 സഹകരണ സംഘം രജിസ്ട്രാറുടെ 14/10/2020 ലെ സി.പി.(3) 5155/2020 നം. കത്ത്

3 സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ് സെക്രട്ടറിയുടെ 14/08/2020 ലെ SPB/50/2017 നം. കത്ത്

**ഉത്തരവ്**

1) കേരളത്തിലെ പഴം, പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാന വില പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. മന്ത്രിമാർ തലത്തിലും സെക്രട്ടറിമാർ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ തലത്തിലും നടന്ന വിവിധ മീറ്റിംഗുകളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സൂചന (1) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി. താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് ടി ശിപാർശ സമർപ്പിച്ചത്:

- കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക.
- വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ നിന്ന് കർഷകരെ സംരക്ഷിക്കുക
- തിരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകരിൽ നിന്നും തറവിലയിൽ സംഭരണം നടത്തി കർഷകരെ സംരക്ഷിക്കുക
- കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക

- ബന്ധപ്പെട്ട എല്ലാ ഏജൻസികളും ഉൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുക

2) ഒരു നിശ്ചിത കാർഷികോൽപ്പന്നത്തിന്റെ ഉല്പാദനത്തിന് കർഷകനു ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാകും അടിസ്ഥാന വിലയെന്നും അടിസ്ഥാന വില പ്രഖ്യാപിക്കുന്നതോടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാന വില കർഷകനു ലഭിക്കുന്നതിനാൽ കർഷകന് ഉണ്ടാകുന്ന വരുമാന നഷ്ടം തടയാമെന്നും അതുവഴി കാർഷിക താത്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാനും സാദ്ധ്യമാകുമെന്ന് കൃഷി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കൂടാതെ അടിസ്ഥാന വില നിർണ്ണയം ഒരു കർഷകന് നിശ്ചിത വരുമാനം ഉറപ്പുനൽകുന്നതിനാൽ അടിസ്ഥാന വിലയുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുമെന്നും ഇത് സംസ്ഥാനത്ത് പച്ചക്കറികളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും അതുവഴി പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും സഹായിക്കുമെന്നും സുരക്ഷിതവും പ്രാദേശികവുമായ പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് സാധ്യമാകുമെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

3) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ഓരോ വിളയുടെയും അടിസ്ഥാന വിലയും അടിസ്ഥാന ഉത്പാദന ക്ഷമതയും താഴെ കൊടുക്കുന്നു:

| ക്രമ നം | വിള | അടിസ്ഥാന വില | അടിസ്ഥാന ഉത്പാദന ക്ഷമത (MT/Ha) |
|---|---|---|---|
| 1 | മരച്ചീനി | **12** | 15 |
| 2 | നേന്ത്രൻ<br>*വയനാടൻ നേന്ത്രൻ | **30**<br>**24** | 10<br>10 |
| 3 | കൈതച്ചക്ക | **15** | 14 |
| 4 | കുമ്പളം | **9** | 11 |
| 5 | വെള്ളരി | **8** | 10 |
| 6 | പാവൽ | **30** | 10 |
| 7 | പടവലം | **16** | 15 |
| 8 | വള്ളിപയർ | **34** | 8 |
| 9 | തക്കാളി | **8** | 15 |
| 10 | വെണ്ട | **20** | 8 |
| 11 | ക്യാബേജ് | **11** | 20 |
| 12 | ക്യാരറ്റ് | **21** | 15 |
| 13 | ഉരുളകിഴങ്ങ് | **20** | 15 |

| | | | |
|---|---|---|---|
| 14 | ബീൻസ് | **28** | 11 |
| 15 | ബീറ്റ്റൂട്ട് | **21** | 12 |
| 16 | വെളുത്തുള്ളി | **139** | 05 |

4) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. 1 6 ഇനം കാർഷിക വിളകൾക്ക് മുകളിൽ കൊടുത്തിട്ടുള്ള അടിസ്ഥാന വിലയിലും അടിസ്ഥാന ഉത്പാദന ക്ഷമതയിലും സർക്കാർ അടിസ്ഥാന വില പ്രഖ്യാപിച്ചു കൊണ്ടും കൃഷി, തദ്ദേശ സ്വയംഭരണ, സഹകരണ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നവംബർ 1 മുതൽ **"കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്"** എന്ന പേരിൽ പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചു കൊണ്ടും ഉത്തരവാകുന്നു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

**i) തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്നു സഹകരണ വകുപ്പ് (PACS മുഖേന)**

(എ) ഒരു പഞ്ചായത്തിൽ ഒരു വിപണിയെങ്കിലും വരുന്ന വിധത്തിൽ തുടക്കത്തിൽ PACS ന്റെ 250 വിപണികളിൽ കർഷകരിൽ നിന്നും നേരിട്ട് കാർഷിക വിളകൾ PACS സംഭരിക്കേണ്ടതാണ്. വില അടിസ്ഥാന വിലയെക്കാളും താഴെപ്പോയാൽ നിശ്ചയിച്ച അടിസ്ഥാന വില പ്രാഥമിക കാർഷിക സഹകരണ സംഘം (PACS) കർഷകർക്ക് സഹകരണ വകുപ്പ് നിശ്ചയിക്കുന്ന പ്രവർത്തന നടപടിക്രമം പ്രകാരം നേരിട്ട് നൽകേണ്ടതും PACS കളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന 250 വിപണികളുടെ പട്ടിക സഹകരണവകുപ്പ് പ്രത്യേകമായി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന വിധം പ്രസിദ്ധികരിക്കേണ്ടതാണ്. അടിസ്ഥാന വില ലഭിക്കുന്നതിന് കർഷകർ ഉല്പന്നങ്ങൾ ടി PACS ലേക്ക് എത്തിക്കേണ്ടതാണ്. സ്വന്തം സംവിധാനങ്ങളിലൂടെ സംഭരിക്കുന്ന കാർഷിക വിളകളുടെ വിപണി ഉറപ്പാക്കുന്നതിൽ PACS ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതും ഓരോ PACS ലും രജിസ്റ്റർ ചെയ്ത കർഷകരുടെ സംഭരണത്തിന്റെ ദൈനംദിന വിശദാംശങ്ങൾ (ഇനം, അളവ്, വില എന്നിവ ഉൾപ്പെടുന്നു) കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. സംഭരിച്ച കാർഷിക വിളകളുടെ വിൽപ്പനയ്ക്ക് ശേഷം, PACS നു ലഭിക്കേണ്ട ഗ്യാപ് ഫണ്ട് സംബന്ധിച്ച ക്ലെയിം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം ഫണ്ട് അതാത് PACS ന് നൽകേണ്ടതുമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനായും പ്രാഥമിക കാർഷിക സഹകരണ

സംഘം പ്രസിഡന്റ് വൈസ് ചെയർമാനായും പ്രാഥമിക കാർഷിക സഹകരണസംഘം സെക്രട്ടറി കൺവീനർ ആയും മറ്റ അനുബന്ധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി അംഗീകരിച്ച ക്ലെയിം PACS ന് നൽകുകയും ഗ്യാപ്പ് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം PACS ന് മാറി നൽകേണ്ടതും PACS ന്റെ ക്ലയിം പ്രകാരം മാറി നൽകേണ്ട അർഹതപ്പെട്ട തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതും ടി തുക സർക്കാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റീഇപ്പ് ചെയ്തു നൽകുന്നതുമാണ്.

(ബി) പദ്ധതി സഹകരണ വകുപ്പ വഴി നടപ്പാക്കുന്നതിനാവശ്യമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡർ (Standard Operating Procedure) പദ്ധതിയുടെ ഗുണമേൻമയും ലക്ഷ്യവും ഉറപ്പാക്കി സഹകരണവകുപ്പ് തയ്യാറാക്കേണ്ടതും പദ്ധതി നടപ്പാക്കേണ്ടതുമാണ്.

### ii) കാർഷിക വികസന കർഷകക്ഷേമ വകുപ്പ്:

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, എക്കോഷോപ്പുകൾ, മൊത്തവ്യാപാര വിപണികൾ, മറ്റ് വിജ്ഞാപനം ചെയ്ത മാർക്കറ്റുകൾ വഴി കർഷകരിൽ നിന്നും ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള വിളകൾ ശേഖരിക്കേണ്ടതാണ്. ഇതിനായി പ്രാഥമികമായി തെരഞ്ഞെടുത്ത 300 വിപണികളുടെ പട്ടിക കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന വിധം പ്രസിദ്ധികരിക്കേണ്ടതും AIMS പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

(ബി) കൃഷി വകുപ്പ് പദ്ധതി നടപ്പാക്കുന്നതു AIMS പോർട്ടലിനെ ആധാരമാക്കിയായിരിക്കുണ്ടേതും കർഷക രജിസ്ട്രേഷൻ, പ്രദേശവും ഉല്പാദനവും നിർണ്ണയിക്കൽ, പ്രാദേശിക ഉല്പന്നമാണെന്ന സാക്ഷ്യപ്പെടുത്തൽ, നോട്ടിഫൈ മാർക്കറ്റുകളിലൂടെ സംഭരണം സുഗമമാക്കൽ എന്നിവ AIMS പോർട്ടലിൽ രേഖപ്പെടുത്തണ്ടതുമാണ്. ഇതിനു പുറമേ, വകുപ്പിനു കീഴിലുള്ള സംഭരണ ഏജൻസികൾക്കെല്ലാം ബാധകമാകത്തക്കവിധത്തിൽ ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡർ (Standard Operating Procedure) കൃഷി വകുപ്പ് ഡയറക്ടർ വികസിപ്പിക്കേണ്ടതാണ്. അടിസ്ഥാന വിലയുടെ ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ വിള വിസ്തീർണ്ണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ AIMS

പോർട്ടലിൽ രജിസ്റ്റർ ചെയ്യണ്ടതും വിശദാംശങ്ങൾ പരിശോധിച്ച ശേഷം കൃഷി ഭവൻ ഉദ്യോഗസ്ഥർ എയിംസ് പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകേണ്ടതും ജിയോ ടാഗ്ചെയ്ത ഫോട്ടോകൾക്കൊപ്പം വിളയുടെ അവസ്ഥ കൃഷിക്കാരൻ രണ്ടുതവണ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഹോർട്ടികോർപ്പ്, വിഎഫ്പിസികെ വഴിയും മറ്റ് തെരഞ്ഞെടുത്ത ഡിപ്പാർട്ട്മെന്റ് വിപണികളായ മൊത്തവ്യാപാര വിപണികൾ, ബിഎൽഎഫ്ഒ, ഇക്കോഷോപ്പുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ എന്നിവയിലൂടെയായിരിക്കണം കൃഷി വകുപ്പിന്റെ കീഴിലുള്ള സംഭരണം നടത്തേണ്ടതും അടിസ്ഥാന വില ലഭിക്കുന്നതിന്, രജിസ്റ്റർ ചെയ്ത കർഷകർ രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം ഉൽപ്പന്നങ്ങൾ അവരുടെ പ്രദേശത്തെ തിരഞ്ഞെടുത്ത മാർക്കറ്റുകളിലേക്കും ശേഖരണ കേന്ദ്രങ്ങളിലേക്കും കൊണ്ടുവരേണ്ടതുമാണ്. ഉൽപന്നങ്ങളുടെ നിലവിലുള്ള വിപണി വില കർഷകർക്ക് സംഭരണ ഏജൻസി നൽകേണ്ടതും വിപണി വില ഓരോ ഉൽപ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാൾ താഴെയായിരിക്കുമ്പോൾ, സംഭരണ ഏജൻസിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉൽപ്പന്നത്തിന്റെ വിലയിലെ വ്യത്യാസം (അടിസ്ഥാന വില – വിപണി വില) കൃഷിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൃഷി വകുപ്പ് ഡയറക്ടർ നൽകേണ്ടതും. ഓരോ സംഭരണഏജൻസിയും രജിസ്റ്റർ ചെയ്ത കർഷകരുടെ സംഭരണത്തിന്റെ ദൈനംദിന വിശദാംശങ്ങൾ AIMS പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ് (വിശദാംശങ്ങളിൽ ഇനം, അളവ്, വില എന്നിവ ഉൾപ്പെടുന്നു). നോട്ടിഫൈഡ് മാർക്കറ്റുകൾ സംഭരിച്ച ഉല്പന്നങ്ങൾ ബന്ധപ്പെട്ട ഏജൻസികൾതന്നെ വിറ്റഴിക്കേണ്ടതാണ്.

(സി) ഓരോ ജില്ലയിലെയും മൊത്ത വിപണി വിലയ്ക്കായി നോഡൽ മാർക്കറ്റുകളെ കാർഷിക ഡയറക്ടർ വിജ്ഞാപനം ചെയ്യേണ്ടതും അത്തരം വിപണികളിൽ നിന്ന് ജനറേറ്റുചെയ്ത ഡാറ്റയിൽ നിന്ന് അടിസ്ഥാന വില പ്രഖ്യാപിക്കുന്നതിനുള്ള റഫറൻസ് വില എടുക്കേണ്ടതും നോഡൽ മാർക്കറ്റുകളിലെ വില ദിവസവും AIMS പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതും നോഡൽ മാർക്കറ്റുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതിന്റെ ചുമതല വഹിക്കേണ്ടതുമാണ്. എഡി.എ മാർക്കറ്റിംഗ് AIMS പോർട്ടലിലെ ഡാറ്റ അപ്ഡേഷൻ ഉറപ്പാക്കുകയും പ്രാഥമിക ഡാറ്റാ വിശകലനം നടത്തേണ്ടതുമാണ്.

(ഡി) ഏതെങ്കിലും ജില്ലയിൽ വിപണി വില അടിസ്ഥാന വിലയേക്കാൾ കുറവാണ് എന്ന് ബന്ധപ്പെട്ട ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി (DLPMC) ശിപാർശ നൽകുകയാണെങ്കിൽ കൃഷി ഡയറക്ടർ മേൽപ്പടി തീരുമാനം പരിശോധിച്ച് പ്രസ്തുത ജില്ലയിൽ ആ ഉല്പന്നത്തിനു അടിസ്ഥാന വില നിലവിൽ വന്നു എന്നു പ്രഖ്യാപിക്കുവാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും തുടർന്ന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊട്ടോക്കോൾ പ്രകാരം കൃഷി വകുപ്പിനു കീഴിലുള്ള സംഭരണ ഏജൻസികൾ സംഭരണം ആരംഭിക്കേണ്ടതുമാണ്.

(ഇ) കൃഷി വകുപ്പിന്റെ പദ്ധതി നടത്തിപ്പിനായി ഒന്നാം ഗഡുവായി 10 കോടി ഉൾപ്പെടെ 25 കോടി രൂപ (അടിസ്ഥാന വില നൽകുന്നതിനായി 15 കോടി രൂപ, വിപണി ഇടപെടലിനായി 5 കോടി, ചരക്കു നീക്കത്തിനുള്ള ഗതാഗത ചിലവുകൾക്കായി 5 കോടി) സർക്കാർ അനുവദിക്കുന്നതാണ്.

**iii) പൊതു വ്യവസ്ഥകൾ:**

എ) അടിസ്ഥാന വിലയുടെ ആനുകൂല്യം നിശ്ചയിച്ചിട്ടുള്ള ഉൽപ്പാദനക്ഷമതയിൽ നിജപ്പെടുത്തേണ്ടതാണ്. ഒരു കർഷകന് പരമാവധി ഒരു സീസണിൽ 15 ഏക്കർ സ്ഥലത്തിനുള്ള ആനുകൂല്യത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ബി) **"കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്"** എന്ന പദ്ധതിക്കായി പൊതുവായ ലോഗോയും ബോർഡും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ രൂപപ്പെടുത്തേണ്ടതും വിപണിയുടെ റെജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി പദ്ധതിയിൻ കീഴിലുള്ള എല്ലാ വിപണികളിലും പ്രദർശിപ്പിക്കേണ്ടതുമാണ്.

സി) PACSന്റെ പദ്ധതി നടത്തിപ്പിന്റെ വിലയിരുത്തൽ സഹകരണവകുപ്പ് സെക്രട്ടറിയും കൃഷിവകുപ്പിന്റെ വിലയിരുത്തൽ കൃഷിവകുപ്പ് സെക്രട്ടറിയും നിർവഹിക്കേണ്ടതാണ്.

**5)** പദ്ധതി നടത്തിപ്പിന്റെ സുഗമമായ പ്രവർത്തനത്തിനു താഴെപ്പറയുന്ന കമ്മിറ്റികൾ കൂടി അടിയന്തിരമായി രൂപീകരിച്ച് ഉത്തരവാകുന്നു.

**എ) സംസ്ഥാനതല കമ്മിറ്റി**

| | | |
|---|---|---|
| 1 | അഡീഷണൽ ചീഫ് സെക്രട്ടറി (ഏകോപനം) | ചെയർമാൻ |
| 2 | അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ | വൈസ് ചെയർമാൻ |
| 3 | സെക്രട്ടറി (കൃഷി വകുപ്പ്) | അംഗം. |
| 4 | സെക്രട്ടറി (സഹകരണ വകുപ്പ്) | അംഗം. |
| 5 | സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്) | അംഗം. |
| 6 | ചെയർമാൻ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ് | അംഗം. |

| | | |
|---|---|---|
| 7 | ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് | അംഗം. |
| 8 | രജിസ്ട്രാർ, കോപ്പറേറ്റീവ് സൊസൈറ്റീസ് | അംഗം. |
| 9 | മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ് | അംഗം. |
| 10 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ. | അംഗം. |
| 11 | ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | കൺവീനർ |

**ചുമതലകൾ**

പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനോടൊപ്പം പദ്ധതി നടത്തിപ്പിൽ വകുപ്പുകൾ തമ്മിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്. അടിസ്ഥാന വില പുതുക്കി നിശ്ചയിക്കുന്ന സന്ദർഭത്തിലും പുതിയ വിളകൾ ഉൾപ്പെടുത്തുമ്പോഴും ടി കമ്മിറ്റി ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

**(ബി) ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി (DLPMC)**

| | | |
|---|---|---|
| 1 | ജില്ലാ കളക്ടർ | ചെയർമാൻ |
| 2 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | കൺവീനർ |
| 3 | ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 4 | ഡപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് | അംഗം |
| 5 | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | അംഗം |
| 6 | കോപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ | അംഗം |
| 7 | ADA (മാർക്കറ്റിംഗ്) | അംഗം & നോഡൽ ഓഫീസർ |

| | | |
|---|---|---|
| 8 | ജില്ലാ മാനേജർ, വിഎഫ്പിസികെ | അംഗം |
| 9 | ജില്ലാ മാനേജർ, ഹോർട്ടികോർപ്പ് | അംഗം |
| 10 | PACS പ്രതിനിധി | അംഗം |

**<u>ചുമതലകൾ</u>**

കൃഷി ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതത് ഉത്പന്നങ്ങളുടെ വിപണി വില വിലയിരുത്തേണ്ടതും റഫറൻസ് വില ജില്ലയിലെ അടിസ്ഥാന വിലയേക്കാൾ താഴെയാണോ എന്ന് തീരുമാനിക്കേണ്ടതുമാണ്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം PACS അടിസ്ഥാന വില പ്രകാരമുള്ള സംഭരണം ആരംഭിക്കേണ്ടതാണ്. കൃഷി വകുപ്പിന്റെ കാര്യത്തിൽ DLPMC യുടെ അടിസ്ഥാന വില നടപ്പാക്കേണ്ടതു സംബന്ധിച്ച ശുപാർശ കൃഷി ഡയറക്ടറെ അടിയന്തിരമായി അറിയിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച ജില്ലാ തല മോണിറ്ററിംഗും ഈ കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

**(സി) പ്രാദേശികതല കമ്മിറ്റി**

| | | |
|---|---|---|
| 1 | തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ | ചെയർമാൻ |
| 2 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ഉപാദ്ധ്യക്ഷൻ |
| 3 | PACS ന്റെ പ്രസിഡണ്ട് | ഉപാദ്ധ്യക്ഷൻ |
| 4 | കൃഷി ഓഫീസർ | കൺവീനർ |
| 5 | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി | അംഗം |
| 6 | പാക്സ് സെക്രട്ടറി | അംഗം |

**ച്ചുമതല**

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനം.

6) പ്രിസിഷൻ ഫാമിംഗ് വഴി ഉൽപാദിപ്പിക്കുന്ന വിളകളുടെ അടിസ്ഥാന ഉല്പാദനക്ഷമത പഠനത്തിനു വിധേയമാക്കി ആവശ്യമായ ശിപാർശ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ഉടനടി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR.RATHAN U KELKAR IAS
SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് , തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ., കൊച്ചി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സെക്രട്ടറി, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. .....)

ധനകാര്യ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് (ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനായി)

സഹകരണ വകുപ്പ് (ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനായി)

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനായി)

ഐ&പിആർഡി (സർക്കാർ വെബ്സൈറ്റിൽ upload ചെയ്യുന്നതിലേക്കായി)

പകർപ്പ് :

(1) ബഹു. മുഖ്യമന്ത്രിയുടെ പിഎസ് ന്

(2) ബഹു. ധനകാര്യ/കൃഷി/തദ്ദേശസ്വയംഭരണ / സഹകരണ-ടൂറിസം-ദേവസ്വം / വ്യവസായ / തൊഴിൽ മന്ത്രിമാരുടെ പി.എസ്.മാർക്ക്

(3) ചീഫ് സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി (ഏകോപനം)/ധനകാര്യ/ തൊഴിൽ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറി/കൃഷി/തദ്ദേശസ്വയംഭരണ / സഹകരണം / വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി - പി.എ.മാർക്ക്

(4) എപിസി / സെക്രട്ടറി-യുടെ പിഎയ്ക്ക്

(5) അഡീഷണൽ സെക്രട്ടറി I / ഡപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signature valid

സെക്ഷൻ ഓഫീസർ

Digitally signed by PRAVEEN B
Date: 2020.10.26 19:13:[illegible]7 IST
Reason: Approved